താണ് തന്ത്രവിധികൾ എന്ന കാര്യം ഇപ്പോൾ വ്യക്തമായിട്ടുണ്ട്. സ്ത്രീകൾക്കുള്ള വിലക്ക് കോടതി കൂടി നീക്കിയ സാഹചര്യത്തിൽ ഇനിയുള്ള ഏത് മൂവ്മെന്റും സ്ത്രീകൾ അവിടെ പ്രവേശിക്കണം എന്ന നിലപാടാണ് സ്വീകരിക്കേണ്ടത്. അതിന് നമ്മുടേതായ വിശ്വാസങ്ങളിൽ എന്തെങ്കിലും തിരുത്ത് വരുത്തണമെങ്കിൽ ആ തിരുത്താണ് ആദ്യം വരുത്തേണ്ടത്.

നമുക്കിടയിൽ വലിയ തരത്തിൽ ബ്രാഹ്മണ്യവത്കരണം നടക്കുന്നുണ്ട്. നമ്മൾ ഉപയോഗിക്കുന്ന പലതും ബ്രാഹ്മണ്യത്തിന്റെ ഭാഗമായ വാക്കുകളാണ്. കേരള സമൂഹത്തെ ഡീബ്രാഹ്മണൈസ് ചെയ്യാനുള്ള ഒരു ബ്രാഹ്മണ്യവിരുദ്ധ പ്രസ്ഥാനമായി 'ശബരിമല ആദിവാസികൾക്ക്' എന്ന ഈ മൂവ്മെന്റ് മാറേണ്ടതുണ്ട്. അതാണ് നമ്മുടെ ആത്യന്തികലക്ഷ്യം. ആദിവാസികളുടെ അവകാശങ്ങളും സ്ത്രീകളുടെ തുല്യതയും സാധ്യമാകണമെങ്കിൽ ഡീബ്രാഹ്മണൈസേഷൻ നടക്കേണ്ടതുണ്ട്. അതിന്റെ പ്രോജ്ജ്വലമായ തുടക്കമാണ് തന്ത്രികൾ പടിയിറങ്ങുക എന്ന വാക്യം. ഇതിന്റെ ഒരു പരിസമാപ്തി ശബരിമലയിൽ മേൽശാന്തിയായി ആദിവാസി വിഭാഗത്തിൽ നിന്നും ഒരാൾ ഉണ്ടാകണം എന്നത് മാത്രമല്ല, കേരളം തന്നെ ഭരിക്കുന്നതിൽ വരെ ആ വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്ക് ഈ മൂവ്മെന്റ് വളരണം എന്നതാണ്.

# ശബരിമലയിൽ ആദിവാസികൾക്ക് അവകാശമുണ്ട്

ശബരിമലയെ സംബന്ധിച്ച മലഅരയരുടെ വാമൊഴി ചരിത്രത്തിന് നിയമസാധുത ലഭിക്കേണ്ടതുണ്ട് എന്ന് മലഅരയ സമുദായാംഗവും സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ അധ്യാപകനുമായ **ഡോ. അഭിലാഷ്. ടി**

**എന്റെ** ഡിഗ്രി പഠനകാലത്താണ് മുത്തങ്ങ സമരം നടക്കുന്നത്. പിന്നീട് ഗവേഷണം നടത്തിയിരുന്ന കാലത്താണ് മുത്തങ്ങസമരം ആദിവാസികളുടെ ആധുനികതയുടെ കണ്ടെത്തലായി തിരിച്ചറിയുന്നത്. ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കാനുള്ള സ്വയം നിർണ്ണയാവകാശം സ്ഥാപിക്കുക കൂടി ചെയ്ത സമരമാണ് മുത്തങ്ങ. കേരളത്തിന്റെ പൊതുസമൂഹം ഒരു പരിധി വരെയെങ്കിലും ഏറ്റെടുത്ത സമരം കൂടിയാണത്. ഒരു പതിറ്റാണ്ടിനുശേഷം ഒരൊറ്റ കോടതി വിധിയിലൂടെ കേരളമിതുവരെ ആർജിച്ച മൂല്യത്തിന് വളരെയധികം വെല്ലുവിളി നേരിടേണ്ടി വരികയാണ്. സ്റ്റേറ്റ് തന്നെ ഏറ്റവും വലിയ പ്രതിസന്ധികളിലേക്ക് കടന്നുചെല്ലുന്ന ഘട്ടത്തിലാണ് ആദിവാസികൾ സഹായവുമായെത്തുന്നത്. ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് മലഅരയ സമുദായത്തിന്റെ ചരിത്രവുമായി അവർ മുന്നോട്ടുവന്നിരിക്കുകയാണ്. മലഅരയ സമുദായത്തിലെ അഞ്ചാം തലമുറക്കാരനാണ് ഞാൻ. ശബരിമലയുമായി ബന്ധപ്പെട്ട് ഒരുപാട് കഥകൾ കേട്ടാണ് ഞാൻ വളർന്നത്. കുഞ്ഞുനാളിൽ ശബരിമലയിലെത്തുമ്പോഴെല്ലാം കേൾക്കുന്നത് ആദിവാസികളുടെ കഥകളാണ്. ആറാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായി ശബരിമലയിൽ പോകുന്നത്. അപ്പാച്ചിമേട്ടിൽ അരിയുണ്ട എറിയുന്ന ഒരു ചടങ്ങുണ്ട്. പതിനെട്ടു മലകൾക്ക് ചുറ്റും താമസിക്കുന്ന ആദിവാസികൾ ശബരിമലയ്ക്ക് പോകുമ്പോൾ മലകളുടെ താഴ്വാരങ്ങളിൽ താമസിക്കുന്ന ഞങ്ങളുടെ ബന്ധുക്കൾക്ക് അരിയുണ്ട എറിഞ്ഞു കൊടുത്ത് പെട്ടെന്ന് മല കയറാറായിരുന്നു പതിവ്. ഇതാണ് പിന്നീട് കാട്ടാളരെ എറിയുന്ന ചടങ്ങായി മാറിയത്. ഇത് ഒരുതരം ഏറ്റെടുക്കലാണ്. നമുക്കൊരു വാമൊഴി ചരിത്രമുണ്ട്. വാമൊഴിയായി പറഞ്ഞുപരക്കുന്നത് ആദിവാസികളെ സംബന്ധിച്ച് കെട്ടുകഥകളല്ല. ഞങ്ങളുടെ അനുഭവങ്ങളാണ്.

ആധുനിക കാലത്ത് ആദിവാസി ചരിത്രം രേഖപ്പെടുത്തപ്പെടേണ്ടത് സാഹചര്യത്തെളിവുകളുടെയും അടിസ്ഥാനപ്രമാണങ്ങളുടെയും അടിത്തറയിൽ കൂടിയാണ്. ഒരുദാഹരണം പറയാം. 1845 ൽ ആണെന്നു തോന്നുന്നു ബ്രിട്ടീഷ് നാവികനായ ജോൺ ഫ്രാങ്ക്ളിൻ മഞ്ഞുമൂടി കിടക്കുന്ന ആർട്ടിക്ക് സമുദ്രത്തിലൂടെ ഏഷ്യയിലേക്കൊരു കപ്പൽച്ചാൽ തീർക്കാനായി പുറപ്പെട്ടു. 150 പേരോളമുണ്ടായിരുന്ന സംഘത്തോടൊപ്പം രണ്ട് കപ്പലുകളിലായായിരുന്നു യാത്ര. വർഷങ്ങൾക്കു ശേഷവും ആ കപ്പലുകൾ തിരിച്ചുവന്നില്ല. ഒടുവിൽ 2013 ൽ ആ കപ്പലുകളെ സംബന്ധിച്ച വിവരങ്ങൾ പുറം ലോകമറിഞ്ഞത് ആ പ്രദേശത്ത് താമസിക്കുന്ന ആദിവാസികളിൽ

നിന്നായിരുന്നു. തലമുറകളായി കൈമാറി വന്ന വാമൊഴി ചരിത്രവും സാഹചര്യത്തെളിവുകളും പരിശോധിച്ചതു വഴിയാണ് അന്നു നഷ്ടപ്പെട്ട കപ്പലുകളാണ് ഇത് എന്ന വിവരം ഉറപ്പിക്കാനായത്. ഇതൊന്നും നുണകളോ കെട്ടുക്കഥകളോ അല്ല. സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന സത്യങ്ങളാണിവ. നിരവധി പുരത്തറകളും അവശിഷ്ടങ്ങളും ക്ഷേത്രങ്ങളുമൊക്കെ 18 മലകൾക്കിടയിലായി നമുക്കിപ്പോഴും കാണാൻ കഴിയും. ഇഞ്ചിപ്പാറ കാളക്കട്ടിയിലുള്ള എട്ട് അരയ ഊരുകൾ ചേർന്ന് നടത്തുന്ന ആശ്രമഭരണ സമിതികളുണ്ട്. ആദിവാസി ദേവസ്വം ബോർഡിന്റെ മാതൃകകൾ മുന്നേതന്നെ ഉണ്ടായിട്ടുണ്ട്. കരിമലയിൽ നിന്നും പുരത്തറകളും വീടുകളുമെല്ലാം ഉപേക്ഷിച്ച് പോയ നിരവധി പേരെ എനിക്കറിയാം. 1951 ലെ ശബരിമല തീപ്പിടുത്തത്തിന് ശേഷം ഏറെ പീഡനങ്ങളേറ്റു വാങ്ങി കരിമലയിൽ നിന്നും ഒഴിഞ്ഞുപോയവരും നിരവധിയാണ്.

എന്റെ തലമുറയിലെ തന്നെ ചുരുക്കം ചില ആദിവാസികൾ മാത്രമാണ് വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്നത്. എന്റെയൊക്കെ മുതുമുത്തശ്ശന്മാർ പുതുവൽ കൃഷി ചെയ്തിരുന്നവരാണ്. അതിരുകളില്ലാതെ കൃഷി ചെയ്യുമായിരുന്നു. എന്നാൽ വനനിയമം പ്രാബല്യത്തിൽ വന്നതോടെ ആ കൃഷിരീതി തന്നെ അവർക്ക് നഷ്ടമായി. 50 കളിലെ വനനിയമം കാടിനും ആദിവാസികൾക്കുമിടയിൽ കൃത്യമായ അതിരുകൾ നിശ്ചയിച്ചു. ജണ്ട കെട്ടി കൃഷിയിടങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും വേർത്തിരിച്ചതോടെയാണ് സെറ്റിൽമെന്റുകൾ രൂപം കൊള്ളുന്നത്. ഈ സെറ്റിൽമെന്റുകൾ മിക്കതും വനത്തിനുള്ളിലായിരുന്നില്ല. വനത്തിന്റെ പ്രാന്തപ്രദേശങ്ങളിലേക്ക് തള്ളിമാറ്റപ്പെട്ടു. വനത്തിനുള്ളിലേക്ക് പ്രവേശിക്കാൻ കഴിയാത്ത വിധം ഒറ്റപ്പെട്ടു. വനവിഭവങ്ങളിൽ നിന്നും വന്യജീവികളിൽ നിന്നും അകന്നു. ഇതിൽ നിന്നെല്ലാം മാറി ഇപ്പോൾ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസവും തൊഴിലും മറ്റു സാമൂഹിക സാഹചര്യങ്ങളുമാണ് അവരെ കാട്ടിൽ നിന്നും ഇറക്കിക്കൊണ്ടുവരുന്നത്. ഒരു സ്ഥലത്ത് തന്നെ താമസിച്ച് കൃഷി ചെയ്യുന്ന ആദിവാസികൾക്ക് പ്രത്യക്ഷത്തിൽ വനവുമായി ബന്ധമുണ്ടാകാമെങ്കിലും ദൈനംദിന ജീവിതത്തിൽ വനവുമായി അത്രയ്ക്ക് ബന്ധം പുലർത്താൻ അവർക്ക് കഴിയുന്നില്ല.

വനാവകാശ നിയമം അതിന്റെ യഥാർത്ഥ അന്തസത്ത തിരിച്ചറിഞ്ഞുക്കൊണ്ടല്ല അത് പ്രാബല്യത്തിൽ വരുത്തിയിരിക്കുന്നത് എന്ന വിമർശനം രൂക്ഷമായുണ്ട്. താമസിക്കുന്ന ഭൂമിയ്ക്ക് ഒരവകാശവും ഇല്ലാത്തവരാണ് ഞങ്ങൾ. വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖയുണ്ട്. ഇതുപ്രകാരം പട്ടയം നൽകുന്ന യാതൊരവകാശവും ഞങ്ങൾക്ക് ഭൂമിയുടെ മുകളിലില്ല. വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ഇത്ര ഏക്കർ ഭൂമിയുണ്ട് എന്നുമാത്രം തെളിയിക്കാനേ ആ കൈവശരേഖ ഉപകാരപ്പെടൂ. കൈവശരേഖ വാങ്ങിയാൽ പട്ടയമെന്ന പരിപൂർണ്ണാവകാശത്തിന്റെ സാധ്യത നഷ്ടപ്പെടും. നമ്മൾ വനഭൂമിയിലാണ് താമസിക്കുന്നത് എന്നത് സമ്മതിച്ചുകൊടുക്കുകയാണ് കൈവശാവകാശ രേഖ ചെയ്യുന്നത്.

ബ്രാഹ്മണവത്കരണത്തിന്റെ ഒരു ഘട്ടത്തിലേക്കാണ് നമ്മൾ കടന്നുപോകുന്നത്. കാവുകളിലും ക്ഷേത്രങ്ങളിലും തുടർന്നു വന്നിരുന്ന ആദിവാസി പൂജകളെല്ലാം ബ്രാഹ്മണവത്കരിക്കപ്പെട്ടിരിക്കുകയാണ്. കാവുകളെല്ലാം ക്ഷേത്രങ്ങളായി മാറ്റപ്പെടുന്നു. അവരതിനെ സ്വയം ഏറ്റെടുക്കുകയാണ്. പിടിച്ചുപറിക്കുകയാണ്. മുണ്ടക്കയത്തിനടുത്തെ വള്ളിയാൻ കാവ് ക്ഷേത്രം, അറക്കുളത്തെ അയ്യപ്പക്ഷേത്രം തുടങ്ങിയവ ദേവസ്വം ബോർഡ് ഏറ്റെടുക്കുകയാണ്. ഈ കടന്നുകയറ്റം വ്യാപകമാവുകയാണ്. ഈ സാഹചര്യത്തിലാണ് നാം വ്യക്തിഗത/സാമൂഹികാവകാശങ്ങളെ കുറിച്ച് ചർച്ച ചെയ്യേണ്ടത്. വനാവകാശ നിയമപ്രകാരം സാമൂഹികാവകാശം ഉണ്ട് എന്നു പറയുമ്പോൾ പോലും നമുക്കത് ലഭിക്കാത്ത അവസ്ഥയാണ്.

നമ്മുടെ വാമൊഴി ചരിത്രം നമ്മളെങ്ങനെയാണ് ഉപയോഗിക്കേണ്ടത് എന്നതാണ് പ്രധാന ചോദ്യം. കോടതി വ്യവഹാരങ്ങളിൽ നമുക്കെങ്ങനെയാണതിനെ ഉപയോഗിക്കാൻ കഴിയുക എന്നതും ചർച്ച ചെയ്യപ്പെടണം. കാരണം ആദിവാസികൾക്കിടയിൽ എഴുതപ്പെട്ട ഒന്നുമില്ല. പറഞ്ഞുകേട്ട് പകർന്നുകിട്ടിയ അറിവുകൾക്ക് എത്രത്തോളം നിയമസാധുത ഉണ്ട് എന്ന് അന്വേഷിക്കണം. ആദിവാസികൾക്ക് അവകാശപ്പെട്ടതാണെങ്കിൽ ശബരിമല ആദിവാസികൾക്ക് തന്നെ ലഭിക്കണം.■

**ഉരുൾപൊട്ടലുകളിൽ നടുങ്ങുന്ന**
**കേരളം വായിക്കേണ്ട പുസ്തകം**

കേരളത്തിലെ പാറമടകൾ സൃഷ്ടിക്കുന്ന
സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ

**'മുറിവേറ്റ മലയാഴം'**

നബീൽ. സി.കെ.എം
വില: 150 രൂപ. പേജ്: 152.
പ്രസാധനം: കേരളീയം പുസ്തകശാല
കോപ്പികൾക്ക്: 04872421385, 9446586943